പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 96 10.12.2012 - ലെ മറുപടിക്ക്

പി.എസ്.സി. - എൻ.സി.എ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നിയമനങ്ങൾക്കുള്ള ലിസ്റ്റിൽ സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ ലഭ്യമായില്ലെങ്കിൽ ആയതിലേക്ക് എൻ.സി.എ ഒഴിവുകളിൽ അപേക്ഷ ക്ഷണിക്കുമ്പോൾ 2 ഉം 3 ഉം തവണ ഉദ്യോഗാർത്ഥികളെ ലഭിച്ചില്ലെങ്കിൽ പിന്നീട് എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഇത്തരം സന്ദർഭങ്ങളിൽ പ്രധാന റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായവരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രധാന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും<br><br>എൻ.സി.എ. വിജ്ഞാപനങ്ങൾ പ്രകാരം ഒരു സമുദായത്തിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസി ലെ ചട്ടം 15 (എ) യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ലഭ്യമായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. എന്നാൽ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കായി നീക്കി വച്ചിട്ടുള്ള ഊഴങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ലഭ്യമല്ലെങ്കിൽ, പ്രസ്തുത ടേൺ നിലവിലുള്ള വ്യവസ്ഥ പ്രകാരം [ചട്ടം 15 (ബി)] മറ്റ് വിഭാഗങ്ങൾക്ക് മാറ്റികൊടുക്കാവുന്നതല്ല. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ